**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3714** **12-03-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കോച്ചിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തൊട്ടാകെയുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ സർക്കാർ സർവ്വീസ് മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി സംസ്ഥാനത്താകെ 14 ജില്ലകളിലായി 24 പരിശീലന കേന്ദ്രങ്ങളും 27 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് പി.എസ്.സി ,ബാങ്കിംഗ്,മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് പരിശീലനം നൽകി ന്യൂനപക്ഷങ്ങൾക്ക് സർക്കാർ മേഖലയിൽ ജോലി നേടി കൊടുക്കുന്നതിൽ പരിശീലന കേന്ദ്രങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് 2 ബാച്ചുകളിലായി ക്ലാസ്സുകൾ നടത്തി വരുന്നു. കൂടാതെ പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാരുടെ സംഘാടന ചുമതലയിൽ പാത്ത് വേ ക്യാമ്പുകളും (വിവാഹ പൂർവ്വ കൗൺസിലിംഗ്), കരിയർ ഗൈഡൻസ് പരിശീലന പരിപാടി (പാസ് വേഡ്) ക്യാമ്പുകളും നടത്തി വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള എത്ര കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ 2 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) സി.സി.എം.വൈ കോഴിക്കോട്**<br><br>കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്, പുതിയറ, കോഴിക്കോട്<br><br>**2) സി.സി.എം.വൈ പേരാമ്പ്ര**<br><br>കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്, ചെമ്പ്ര റോഡ്, പേരാമ്പ്ര, കോഴിക്കോട് |

സെക്ഷൻ ഓഫീസർ